# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** **10-06-2024 - ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം നഗരത്തിൽ സ്മാർട്ട് സിറ്റി പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി എത്ര കോടി രൂപയുടെ പദ്ധതിയാണ് നടപ്പിലാക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | 938 കോടി രൂപയുടെ പദ്ധതികളാണ് സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നത്. |
| (ബി) | തിരുവനന്തപുരം നഗരത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി റോഡ് നവീകരണത്തിനായി ഏത് സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ; | (ബി) | കോർപറേഷൻ റോഡുകൾ സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് നേരിട്ടും, പി.ഡബ്ല്യു.ഡി റോഡുകൾ കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയുമാണ് നടപ്പിലാക്കുന്നത്. |
| (സി) | പദ്ധതിയുടെ ഭാഗമായി കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി റോഡ് നവീകരണത്തിനായി തിരുവനന്തപുരം നഗരസഭ ടെൻഡർ നടപടികളിലൂടെയാണോ സ്ഥാപനത്തെ തെരഞ്ഞെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ഡി) | സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും കേരള റോഡ് ഫണ്ട് ബോർഡും നേരിട്ടാണ് ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. |
| (ഇ) | ടെൻഡർ എത്ര രൂപയ്ക്കാണ് നൽകിയത് എന്നും ടെൻഡറിൽ പങ്കെടുത്ത മറ്റു സ്ഥാപനങ്ങൾ എത്ര രൂപയാണ് കോട്ട് ചെയ്തത് എന്നും വിശദമാക്കാമോ; | (ഇ) | സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡും കേരള റോഡ് ഫണ്ട് ബോർഡും ഉൾപ്പെട്ട 57 റോഡുകൾക്കാണ് ടെൻഡർ നൽകിയിട്ടുള്ളത്. ആയതിന്റെ ക്രോഡീകരിച്ച ടെൻഡർ വിവരങ്ങൾ ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (എഫ്) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി റോഡ് നവീകരണം കരാർ പ്രകാരം എന്നാണ് പൂർത്തീകരിക്കേണ്ടത് എന്ന് വ്യക്തമാക്കാമോ? | (എഫ്) | സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് മുഖേന നടപ്പാക്കുന്ന റോഡുകൾ എല്ലാം തന്നെ 30.06.2024 ൽ കരാർ പ്രകാരം പൂർത്തീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ